# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VI
## (SUBJECT COMMITTEE VI)

## വിദ്യാഭ്യാസം
## (EDUCATION)

### ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
### രണ്ടാമത് റിപ്പോർട്ട്
### (2017-2018)

### SECOND REPORT ON THE
### SCRUTINY OF DEMANDS FOR GRANTS
### (2017-2018)

2017 ഏപ്രിൽ 25-ാം തീയതി സമർപ്പിച്ചത്
(Presented on 25th April, 2017)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2017

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VI
# (SUBJECT COMMITTEE VI)

## വിദ്യാഭ്യാസം
## (EDUCATION)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
രണ്ടാമത് റിപ്പോർട്ട്
(2017-2018)

SECOND REPORT ON THE
SCRUTINY OF DEMANDS FOR GRANTS
(2017-2018)

442/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VI
## (വിദ്യാഭ്യാസം)
## (2016-2018)

**ഘടന**

<u>അദ്ധ്യക്ഷൻ:</u>

പ്രൊഫ. സി. രവീന്ദ്രനാഥ്,
വിദ്യാഭ്യാസ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ:</u>

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

ശ്രീ. എ. സി. മൊയ്തീൻ,
വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. കെ. സി. ജോസഫ്

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. ആർ. രാജേഷ്

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. എം. സ്വരാജ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. ഗോപകമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

## അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

2017 മാർച്ച് 22, 28 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം ധനാഭ്യർത്ഥന നമ്പർ XVII (വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം)-ൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും ആവശ്യമായ ഘട്ടങ്ങളിൽ കൂടുതൽ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികപരവുമായ പരിമിതികൾക്ക് വിധേയമായി സമിതി അഭിപ്രായങ്ങൾ രൂപീകരിക്കുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. ധനാഭ്യർത്ഥനകളിന്മേൽ ലഭിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായ ശീർഷകങ്ങളിന്മേൽ അധിക തുക അനുവദിക്കുന്നതിനുള്ള സമിതിയുടെ ശിപാർശകൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2017 ഏപ്രിൽ മാസം 19-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2017 ഏപ്രിൽ 19.

പ്രൊഫ. സി. രവീന്ദ്രനാഥ്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

വോട്ട് ചെയ്യുന്നത് : 20,20,598.56 ലക്ഷം രൂപ

ചാർജ്ജ് ചെയ്യുന്നത് : 20 ലക്ഷം രൂപ

### പൊതുവിദ്യാഭ്യാസ വകുപ്പ്

1. 2202-01-102-99-04(1) —ഗവൺമെന്റേതര പ്രൈമറി സ്കൂളുകൾക്കുള്ള ധനസഹായം യാത്രാചെലവുകൾ-യാത്രാബത്ത

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 105 ലക്ഷം രൂപ

എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക വിതരണം ചെയ്യുന്നതിനായി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2. 2202-01-102-98—സംരക്ഷണ സഹായം

ബഡ്ജറ്റ് വിഹിതം-പദ്ധതിയേതരം : 120 ലക്ഷം രൂപ

സംരക്ഷണ സഹായം ഗണ്യമായി വർദ്ധിച്ചതിനാൽ പുതുക്കിയ നിരക്കനുസരിച്ച് സംരക്ഷണ സഹായം വിതരണം ചെയ്യുന്നതിനായി എയ്ഡഡ് പ്രൈമറിക്ക് 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. 2202-01-102-95—ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ യൂണിഫോം വിതരണം

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 6800 ലക്ഷം രൂപ

ഈ അക്കാദമിക് വർഷത്തിൽ 1 മുതൽ 5 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം നല്കുന്നതിനുള്ള സർക്കാർ തീരുമാനം നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. 2202-01-104-99—പരിശോധന

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 10155.48 ലക്ഷം രൂപ

സംസ്ഥാനത്തെ എ.ഇ.ഒ. ഓഫീസുകളിലെ ജീവനക്കാരുടെ യാത്രാബത്ത, മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് എന്നിവയും ഓഫീസുകളിലെ വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവയുമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഇവയ്ക്കായി 21 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. 2202-01-111-98—സർവ്വശിക്ഷാ അഭിയാൻ (60% CSS) -

02 - ഭരണപരമായ ചെലവുകൾ - സംസ്ഥാന വിഹിതം

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 900 ലക്ഷം രൂപ

IED യുടെ ഭാഗമായി സംസ്ഥാന സർക്കാർ നിയമിച്ചിട്ടുള്ള 423 റിസോഴ്സ് അധ്യാപകർക്ക് റെമ്യൂണറേഷൻ നല്കുന്നതിന് 10 കോടി രൂപയും അധ്യാപകർക്ക് ഗണിതം, ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നീ വിഷയങ്ങളിൽ കൂടുതൽ മികവ് ലഭിക്കുന്നതിന് യൂണിവേഴ്സിറ്റി, വിവിധ വിദഗ്ദ്ധ ഏജൻസികൾ എന്നിവ വഴി കോഴ്സുകൾ നൽകുന്നതിന് 5 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. 2202-01-112-93-04-(1)—പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം - യാത്രാചെലവുകൾ -യാത്രാബത്ത

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 2.48 ലക്ഷം രൂപ

ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക വിതരണം ചെയ്യുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഇതിനായി 5 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. 2202-02-001-99 -04—ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ-യാത്രാചെലവുകൾ

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : (01) - യാത്രാബത്ത - 15.60 ലക്ഷം രൂപ

(4) അവധിയാത്രാനുകൂല്യം - 2 ലക്ഷം രൂപ

വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ യാത്രാബത്ത, അവധി യാത്രാനുകൂല്യം എന്നിവയ്ക്കായി നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഇവയ്ക്കായി യഥാക്രമം 2 ലക്ഷം രൂപയും 7 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. 2202-02-001-98—മുഖ്യ ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ (വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ)

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 19.31 ലക്ഷം രൂപ

01 (4) - ശമ്പളം - മെഡിക്കൽ റീഇംബേഴ്സ്മെൻറ്

04 (1) - യാത്രാചെലവുകൾ - യാത്രാബത്ത - 80.31 ലക്ഷം രൂപ

സംസ്ഥാനത്തെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെൻറ് ഇനത്തിൽ 10 ലക്ഷം രൂപയും യാത്രാബത്ത ഇനത്തിൽ 5 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. 2202-02-001-95—വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യൂക്കേഷൻ - 34 - മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം: പദ്ധതിയിനം : 650 ലക്ഷം രൂപ

4202-01-202-92 - വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം

ബഡ്ജറ്റ് വിഹിതം: പദ്ധതിയിനം: 700 ലക്ഷം രൂപ

2015-16-ലെ പദ്ധതി വിഹിതത്തിൽ നിന്നും 145 ലക്ഷം രൂപ ഇ-ലാംസിൽ നിക്ഷേപിക്കുകയും ആയത് മുഴുവൻ തുകയും 2016-17 വർഷത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുള്ളതിനാൽ 2016-17-ലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കുറവ് വന്ന 145 ലക്ഷം രൂപ കരിക്കുലം നവീകരണത്തിന്റെ പശ്ചാത്തലത്തിൽ ലാബുകളുടെ നവീകരണത്തിനായി അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. 2202-02-001-94-34(3)—ഡയറക്ടറേറ്റ് ഓഫ് ഹയർ സെക്കൻററി എഡ്യൂക്കേഷൻ (പ്ലസ് ടു) - മറ്റു ചെലവുകൾ - മറ്റിനം

ബഡ്ജറ്റ് വിഹിതം: പദ്ധതിയേതരം: 4200 ലക്ഷം രൂപ

ഉത്തരക്കടലാസിന്റെ വില, സർട്ടിഫിക്കറ്റിന്റെ പ്രിന്റിംഗ് ചാർജ് എന്നിവയിലുണ്ടായ വർദ്ധനവ് കണക്കിലെടുക്കുമ്പോൾ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. 2202-02-101-99-04-(1)—ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ-പരിശോധന-യാത്രാചെലവുകൾ -യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 57.60 ലക്ഷം രൂപ

ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ജീവനക്കാർക്ക് യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. 2202-02-109-99-04(1)—സെക്കണ്ടറി സ്കൂളുകൾ-യാത്രാചെലവുകൾ-യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 55 ലക്ഷം രൂപ

സംസ്ഥാനത്തെ ഗവ. സെക്കണ്ടറി സ്കൂളുകളിലെ ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക നൽകുന്നതിന് 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. 2202-02-109-71—അക്കാദമിക് എക്സലൻസ്

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 1220 ലക്ഷം രൂപ

സംസ്കൃത വിദ്യാഭ്യാസ വികസനത്തിന് ഈ വർഷം അധിക ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. 2202-02-109-70—സ്കൂൾ വിദ്യാഭ്യാസം-വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 4662 ലക്ഷം രൂപ

ബഹുതരം പഠനകേന്ദ്രങ്ങളിലെ സന്നദ്ധ സേവകരായ അധ്യാപകർക്ക് ഓണറേറിയം കൊടുക്കുന്നതിനും മറ്റ് ചെലവുകൾക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 297 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. 2202-02-110-99-04(1)—ടീച്ചിംഗ് ഗ്രാൻറ്-യാത്രാചെലവുകൾ-യാത്രാബത്ത

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 2.50 ലക്ഷം രൂപ

സംസ്ഥാനത്തെ എയ്ഡഡ് ഹൈസ്കൂളുകളിലെ അദ്ധ്യാപകരുടെയും ഇതര ജീവനക്കാരുടെയും യാത്രാബത്ത കുടിശ്ശിക നൽകുന്നതിന് 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. 2202-02-110-98—സംരക്ഷണം

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 110 ലക്ഷം രൂപ

2017-18 വർഷത്തിലെ പുതുക്കിയ നിരക്കനുസരിച്ച് സംസ്ഥാനത്തെ എയ്ഡഡ് ഹൈസ്കൂളുകൾക്ക് സംരക്ഷണസഹായം നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 21.84 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. 2202-02-110-92—ഗവൺമെന്റിതര സ്പെഷ്യൽ സ്കൂളുകൾക്കുള്ള ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 4489.3 ലക്ഷം രൂപ

സംസ്ഥാനത്തെ 32 ഗവൺമെന്റിതര അന്ധ ബധിര വിദ്യാലയങ്ങളിലെ കുട്ടികൾക്കുള്ള ബോർഡിംഗ് ഗ്രാന്റ് കുടിശ്ശിക നൽകുന്നതിനായി 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. 2202-04-103-98—കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി (എൽ. ഇ. എ. പി. കേരള മിഷൻ)

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 1550 ലക്ഷം രൂപ

കേരള സംസ്ഥാന സാക്ഷരതാമിഷൻ പുതുതായി ആരംഭിക്കുന്ന ആറ് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുവേണ്ടി 340 ലക്ഷം രൂപയും പ്രേരക്മാർക്ക് ഓണറേറിയം നൽകുന്നതിനായി 23 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. 2202-80-004-91—സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ്-36 സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 1000 രൂപ

എസ്. സി. ഇ. ആർ. ടി. ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നല്കുന്നതിനായി പദ്ധതിയേതര ഇനത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ഈ ശീർഷകത്തിൽ 651 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. 2202-80-004-89—സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് (എസ്. ഐ. ഇ.എം. എ. റ്റി.) കേരള

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 350 ലക്ഷം രൂപ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട പരിശീലനങ്ങൾക്കും ഇതര പ്രവർത്തനങ്ങൾക്കുമായി 13 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. 2204-00-101-94—സ്പോർട്സ് സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 6 ലക്ഷം രൂപ

സ്പോർട്സ് സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ധനസഹായം ഉയർത്തിയതിനാൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ പുതുക്കിയ നിരക്കനുസരിച്ച് ധനസഹായം വിതരണം ചെയ്യുന്നതിന് 1.2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. 2204-00-104-91—ഡിപ്പാർട്ട്മെന്റ് സ്കൂളുകളിൽ കായികവിനോദ വിഭാഗങ്ങളിൽ സൗകര്യങ്ങൾ സജ്ജീകരിക്കൽ (സ്പോർട്സ് സ്കൂളുകളും ഡിവിഷനുകളും)

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 237.80 ലക്ഷം രൂപ.

ജി. വി. രാജാ സ്പോർട്സ് സ്കൂളിലെ ജീവനക്കാരുടെ വേതനം, വൈദ്യുതി ചാർജ്ജ്, കുട്ടികളുടെ ഡയറ്റ് ചാർജ്ജ് കുടിശ്ശിക എന്നിവ നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 63 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. 2235-02-101-99—ബധിര, മൂക, അന്ധ വിദ്യാലയങ്ങൾ

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 883.76 ലക്ഷം രൂപ

സംസ്ഥാനത്തെ 7 ഗവൺമെന്റ് ബധിര, മൂക, അന്ധ വിദ്യാലയങ്ങളിലെ വാട്ടർ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ്, മറ്റു ചെലവുകൾ എന്നിവ നൽകുന്നതിലേക്കുവേണ്ടി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ വെള്ളക്കരം, വൈദ്യുതിക്കരം എന്നിവയ്ക്കായി ആകെ 1 ലക്ഷം രൂപയും മറ്റു ചെലവുകൾക്കായി 10 ലക്ഷം രൂപയും ചേർത്ത് 11 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഉന്നതവിദ്യാഭ്യാസ വകുപ്പ്

24. 2202-03-001-95-05—പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷനുവേണ്ടിയുള്ള പ്രവേശന പരീക്ഷ കമ്മീഷണറേറ്റ് - ഓഫീസ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 20.90 ലക്ഷം രൂപ

വിവിധ പ്രവേശന പരീക്ഷകൾ സമയബന്ധിതമായി നടത്തുന്നതിനും ഓഫീസ് ചെലവുകൾക്കുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3.83 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25 2202-03-102-99-31—കേരള സർവ്വകലാശാല - സഹായധനം

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 29528.55 ലക്ഷം രൂപ

യു.ജി.സി. ശമ്പളപരിഷ്കരണകുടിശ്ശിക തീർപ്പാക്കുന്നതിലേക്കായി 1236.29 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. 2202-03-102-98-31—കോഴിക്കോട് സർവ്വകലാശാല - സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 19823.70 ലക്ഷം രൂപ

പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയതിന്റെ ഭാഗമായി ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിനും സർക്കാർ നടപ്പിലാക്കിയ കരാർ / ദിവസ വേതന അടിസ്ഥാനത്തിലുള്ള ശമ്പള വർദ്ധനവ് നൽകുന്നതിനുമായി 4009 ലക്ഷം രൂപ അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. 2202-03-102-97—മഹാത്മാഗാന്ധി സർവ്വകലാശാല

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 2400 ലക്ഷം രൂപ

പദ്ധതിയേതരം : 12388.95 ലക്ഷം രൂപ

വിവിധ വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി പദ്ധതിയിനത്തിൽ 393.80 ലക്ഷം രൂപയും ശമ്പളം, പെൻഷൻ, ശമ്പളപരിഷ്കരണ കുടിശ്ശിക, മറ്റാനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ 5561 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. 2202-03-102-92—കണ്ണൂർ സർവ്വകലാശാല - ധനസഹായം -1

31 -സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 3232.65 ലക്ഷം രൂപ

വിവിധ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് 350 ലക്ഷം രൂപയും യു.ജി.സി.യുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനായി 200 ലക്ഷം രൂപയും ചേർത്ത് അധികമായി 550 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29 36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 2000 ലക്ഷം രൂപ

ഭരണാനുമതി ലഭിച്ചതും ഇനിയും ഭരണാനുമതി ലഭിക്കേണ്ടതുമായ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 840 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. 2202-03-103-92—തിരുവനന്തപുരം ലോ കോളേജ്

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 150 ലക്ഷം രൂപ

കോളേജിൽ ഒരു ഓഡിറ്റോറിയവും ക്ലാസ്സുകൾ നടത്തുന്നതിനായി ബഹുനില മന്ദിരവും നിർമ്മിക്കുന്നതിനായി 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. 2202-03-103-90—എറണാകുളം ലോ കോളേജ്

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 349.56 ലക്ഷം രൂപ

എറണാകുളം ഗവൺമെന്റ് ലോ കോളേജിലെ ജീവനക്കാരുടെ വേതനം, യാത്രാ ചെലവുകൾ, വെള്ളക്കരം, വൈദ്യുത ചെലവ്, മറ്റു ചെലവുകൾ എന്നിവയ്ക്കായി ആകെ 40.28 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. 2202-03-103-89-05-(1)—കോഴിക്കോട് ലോ കോളേജ് - ഓഫീസ് ചെലവുകൾ - വെള്ളക്കരം

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 16,000 രൂപ

വെള്ളക്കരയിനത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീർത്തും അപര്യാപ്തമായതിനാൽ 1.44 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. 2202-03-103-83-34-3—തൃശ്ശൂർ ലോ കോളേജ് - മറ്റു ചെലവുകൾ - മറ്റിനം

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 30,000 രൂപ

പത്രം, സ്റ്റാമ്പ് തുടങ്ങിയവ വാങ്ങുന്നതിനും മറ്റ് ഓഫീസ് ആവശ്യങ്ങൾക്കുമായി 30,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. 2202-03-103-56—ഹയർ എഡ്യൂക്കേഷൻ കൗൺസിൽ

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 1500 ലക്ഷം രൂപ

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി 15.9 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. 2202-04-001-93—തുടർ വിദ്യാഭ്യാസ കേന്ദ്രം

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 450 ലക്ഷം രൂപ

കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ കോഴിക്കോട് സെന്റർ, പൊന്നാനിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി യഥാക്രമം 79 ലക്ഷം രൂപയും 250 ലക്ഷം രൂപയും ചേർത്ത് ആകെ 329 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. 2203-00-001-95—എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും ഗ്രന്ഥശാലകൾ ശക്തിപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 275 ലക്ഷം രൂപ

എഞ്ചിനീയറിംഗ് കോളേജുകൾക്കും പോളിടെക്നിക്ക് കോളേജുകൾക്കും ദേശീയ തലത്തിലുള്ള അക്രഡിറ്റേഷൻ നേടാനാവശ്യമായ പ്രവർത്തനങ്ങളുടെ ഭാഗമായി ലൈബ്രറികളുടെ ആധുനികവൽക്കരണവും ഇ-സൗകര്യങ്ങൾ, വകുപ്പിന് കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിലേക്കുകൂടി വ്യാപിപ്പിക്കുന്നതിനും ഈ സാമ്പത്തിക വർഷം ലക്ഷ്യമിടുന്നു. ഇതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 75 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. 2203-00-001-94—പുനർജനി-ഉപയോഗശൂന്യമായ ഉപകരണങ്ങളും മറ്റ് വസ്തുക്കളും ഉപയോഗയോഗ്യമാക്കൽ

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 50 ലക്ഷം രൂപ

പുനർജനി പദ്ധതിയുടെ കൂടുതൽ ക്യാമ്പുകൾ നടത്തുന്നതിനും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

38. 2203-00-003-96—ഉദ്യോഗ നിയമനവും പരിശീലനവും

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 65 ലക്ഷം രൂപ

അപ്രന്റീസ് പരിശീലനം നല്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്റ്റൈപന്റിനത്തിൽ ഏകദേശം 70 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാലും സൂപ്പർവൈസറി ഡെവലപ്പ് സെന്റർ വഴി നടപ്പിലാക്കുന്ന ജോബ് ഫെയറുകൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 35 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

39. 2203-00-004-96—എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലെയും ഗവേഷണത്തിനുള്ള സ്കോളർഷിപ്പ്

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 100 ലക്ഷം രൂപ

എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് അവരുടെ ഗവേഷണ മികവിനെ അടിസ്ഥാനമാക്കി നല്കിവരുന്ന റിസർച്ച് സ്കോളർഷിപ്പിനുള്ള അപേക്ഷകരുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

40. 2203-00-102-99—കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (കുസാറ്റ്)

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 2300 ലക്ഷം രൂപ

പദ്ധതിയേതരം - 13,369 ലക്ഷം രൂപ

ശമ്പള പരിഷ്കരണ കുടിശ്ശിക, യു.ജി.സി. പെൻഷൻ കുടിശ്ശിക, ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ, പുതുതായി നിയമനം ലഭിച്ചവർക്ക് ശമ്പളം എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 10 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ മികവിന്റെ കേന്ദ്രമായി ഉയർത്തുക എന്ന ലക്ഷ്യം മുൻനിർത്തി വിഭാവനം ചെയ്തിട്ടുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങളും പശ്ചാത്തല / അടിസ്ഥാന സൗകര്യ വികസനവും സമയബന്ധിതമായി നടത്തുന്നതിനും വിവിധ വകുപ്പുകളിലെ പഠന ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങളും കമ്പ്യൂട്ടറുകളും വാങ്ങുന്നതിനുമായി പദ്ധതിയിനത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

41. 2203-00-102-97-35—കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (ഡോ. എ. പി. ജെ അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി)-(മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം)

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 1033.33 ലക്ഷം രൂപ

റസിഡൻഷ്യൽ സൗകര്യങ്ങളോടുകൂടിയ കാമ്പസ് നിർമ്മിക്കുന്നതിനും ഇതിനായി സ്ഥലം വാങ്ങുന്നതിനുമായി 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

42. 2203-00-104-95—വ്യാവസായിക സ്കൂളുകൾ

ബഡ്ജറ്റ് വിഹിതം: പദ്ധതിയേതരം : 10.12 ലക്ഷം രൂപ

സംസ്ഥാനത്തെ ഇൻഡസ്ട്രിയൽ സ്കൂളുകളിലെ അധ്യാപകർക്ക് മുൻവർഷത്തെ കുടിശ്ശിക ഉൾപ്പെടെ ഗ്രാൻഡ് - ഇൻ - എയ്ഡും ഉൽസവബത്തയും അനുവദിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 12.12 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

43. 2203-00-104-90—എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും കായികവിദ്യാഭ്യാസം ശക്തിപ്പെടുത്തലും വികസനവും

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 100 ലക്ഷം രൂപ

കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ടെക്നിക്കൽ ഹൈസ്കൂളുകളിൽ കൂടി ഒരുക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ അധികമായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

44. 2203-00-105-99-34-(1)—ഗവൺമെൻറ് പോളിടെക്നിക്കുകൾ-മറ്റുചെലവുകൾ വെള്ളക്കരം

ബഡ്ജറ്റ് വിഹിതം: പദ്ധതിയേതരം : 14.52 ലക്ഷം രൂപ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള 30 സർക്കാർ പോളിടെക്നിക്ക് കോളേജുകളിലെ വെള്ളക്കരം കൊടുക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45. 2203-00-105-81—പോളിടെക്നിക്ക് കോളേജുകളിൽ പ്രൊഡക്ഷൻ ആന്റ് ട്രെയിനിംഗ് (പി.എ.ടി.) സെന്ററുകൾ സ്ഥാപിക്കൽ

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 30 ലക്ഷം രൂപ

പോളിടെക്നിക്കുകളിൽ പുതുതായി രണ്ട് ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും കോഴിക്കോട് വനിതാ പോളിടെക്നിക്കിൽ ആരംഭിക്കുന്ന എൽ.ഇ.ഡി. ബൾബ് ഉല്പാദന പരിശീലന കേന്ദ്രത്തിനുമായി 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

46. 2203-00-105-79—സർക്കാർ പോളിടെക്നിക്കുകളുടെ വികസനം

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 1,500 ലക്ഷം രൂപ

ദേശീയ തലത്തിലുള്ള അക്രഡിറ്റേഷൻ നേടുന്നതിനായി ലാബുകളും മറ്റ് സൗകര്യങ്ങളും വികസിപ്പിക്കുന്നതിന് അധിക തുക ആവശ്യമാണ്. ആയതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

47. 2203-00-105-75—സർക്കാർ പോളിടെക്നിക്ക് കോളേജുകളുടെ അക്രഡിറ്റേഷൻ

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 300 ലക്ഷം രൂപ

ദേശീയതലത്തിൽ അക്രഡിറ്റേഷൻ നേടുന്നതിന്റെ ആദ്യഘട്ടമായി 14 സർക്കാർ പോളിടെക്നിക്കുകളുടെ അക്രഡിറ്റേഷൻ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

48. 2203-00-108-99-02—പരീക്ഷാ വിഭാഗം - വേതനം

ബഡ്ജറ്റ് വിഹിതം- പദ്ധതിയേതരം : 18.93 ലക്ഷം രൂപ

സാങ്കേതിക പരീക്ഷാ വിഭാഗത്തിൽ ദിവസ വേതനത്തിലും മറ്റും ജോലി ചെയ്യുന്നവരുടെ വർദ്ധിപ്പിച്ച നിരക്കിലെ വേതനം നൽകുന്നതിനുമായി 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

49. 2203-00-112-99—എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം 02 - വേതനം

ബഡ്ജറ്റ് വിഹിതം- പദ്ധതിയേതരം : 41.93 ലക്ഷം രൂപ

34-(1) - മറ്റു ചെലവുകൾ - വെള്ളക്കരം

ബഡ്ജറ്റ് വിഹിതം- പദ്ധതിയേതരം : 30 ലക്ഷം രൂപ

തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ കണ്ടിൻജന്റ് ജീവനക്കാർക്കും ദിവസ വേതനക്കാർക്കും വേതനം നൽകുന്നതിന് അനുവദിച്ചിട്ടുള്ള തുക തികച്ചും അപര്യാപ്തമായതിനാൽ ഇതിനായി 10 ലക്ഷം രൂപയും, കോളേജ്, ഹോസ്റ്റൽ എന്നിവിടങ്ങളിലെ വെള്ളക്കരം അടയ്ക്കുന്നതിന് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ 35 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

50. 2203-00-112-98—തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 350 ലക്ഷം രൂപ

ക്യാമ്പസിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിനായി മലിനജല സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനും അന്താരാഷ്ട്ര നിലവാരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി റോഡുകൾ, നടപ്പാതകൾ, ക്യാമ്പസ് മുഴുവൻ സ്ട്രീറ്റ് ലൈറ്റ് സംവിധാനം എന്നിവ ഏർപ്പെടുത്തുന്നതിനുമായി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

51. 2203-00-112-88-34-(1)—കണ്ണൂർ ഗവ. എഞ്ചിനീയറിംഗ് കോളേജ് മറ്റു ചെലവുകൾ - വെള്ളക്കരം

ബഡ്ജറ്റ് വിഹിതം- പദ്ധതിയേതരം : 60 ലക്ഷം രൂപ

കണ്ണൂർ എഞ്ചിനീയറിംഗ് കോളേജിന് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ, 8 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

52. 2203-00-112-84—രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 300 ലക്ഷം രൂപ

ക്യാമ്പസിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിനായി മലിനജല സംസ്കരണ പ്ലാന്റും ക്യാമ്പസ് മുഴുവൻ സ്ട്രീറ്റ് ലൈറ്റ് സംവിധാനവും ഒരുക്കുന്നതിന് 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

53. 2203-00-112-82-02—തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ് - വേതനം

ബഡ്ജറ്റ് വിഹിതം- പദ്ധതിയേതരം : 50.84 ലക്ഷം രൂപ

തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

54. 2203-00-112-81-34-(1)—പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ-മറ്റു ചെലവുകൾ - വെള്ളക്കരം

ബഡ്ജറ്റ് വിഹിതം-പദ്ധതിയേതരം : 2.30 ലക്ഷം രൂപ

സംസ്ഥാനത്തെ 5 പുതിയ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ വെള്ളക്കരം അടയ്ക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

55. 2203-00-112-66—എഞ്ചിനീയറിംഗ് കോളേജുകളിൽ വിദ്യാഭ്യാസ വിഭവ കേന്ദ്രം

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 150 ലക്ഷം രൂപ

എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും ഗവേഷണ പദ്ധതികൾക്കുള്ള ഒരു ഡിജിറ്റൽ സംവിധാനം സൃഷ്ടിക്കുക, എല്ലാ വിഷയങ്ങളിലെയും ഉള്ളടക്കം വികസിപ്പിക്കുക, ഇ-ജേർണൽ, തുടങ്ങിയവയ്ക്കായി വാർഷിക പദ്ധതിയിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ അധികമായി 150 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

56. 2203-00-112-60—ഹ്യൂമൻ റിസോഴ്സസ് ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ. എച്ച്. ആർ. ഡി.) 35 - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 1,200 ലക്ഷം രൂപ

പദ്ധതിയേതരം : ഇല്ല.

സ്ഥാപനത്തിന്റെ ഹെഡ്ഡാഫീസ് കെട്ടിട നിർമ്മാണത്തിന് 6 കോടി രൂപയും നബാർഡിന്റെ സഹായത്തോടെ 6 എഞ്ചിനീയറിംഗ് കോളേജുകളുടെയും കണ്ടറയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെയും കെട്ടിട നിർമ്മാണത്തിന് 3 കോടി രൂപയും ചേർത്ത് പദ്ധതിയിനത്തിൽ 9 കോടി രൂപയും മൂന്നാർ എഞ്ചിനീയറിംഗ് കോളേജിന്റെ എസ്റ്റാബ്ളിഷ്മെന്റ് ചെലവുകൾക്കായി 280 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിലും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

57. 2203-00-112-58—എൽ. ബി. എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 400 ലക്ഷം രൂപ

പൂജപ്പുര എൽ. ബി. എസ്. ഐ. റ്റി. ഡബ്ല്യൂ-വിലെ ലേഡീസ് ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനും, കാസർഗോഡ് എൽ. ബി. എസ്. എഞ്ചിനീയറിംഗ് കോളേജിൽ ടെക്നോളജി ബിസിനസ്സ് ഇൻക്യൂബേഷൻ സെന്റർ സ്ഥാപിക്കുന്നതിനുമായി 550 ലക്ഷം രൂപയും മലപ്പുറം, എൽ. ബി. എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 50 കോടി രൂപയും ചേർത്ത് ആകെ 55.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

58. 2203-00-112-47—തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ പ്രോഡക്റ്റ് ഡിസൈൻ ആന്റ് ഡെവലപ്മെന്റ് സെന്റർ

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 10 ലക്ഷം രൂപ

ഡിസൈൻ സ്റ്റുഡിയോ, ഫോട്ടോ ടൈപ്പിംഗ് ഫെസിലിറ്റി, വർക്ക് ബെഞ്ച് എന്നിവ സ്ഥാപിക്കുന്നതിനായി അധികമായി 15 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

59. 2203-00-112-46—കോട്ടയം രാജീവ്ഗാന്ധി ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ റീ-യൂസബിൾ ബിൽഡിംഗ് സിസ്റ്റം

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 20 ലക്ഷം രൂപ

പുനരുപയോഗയുക്തമായ നിർമ്മാണ ഘടകങ്ങൾ രൂപകൽപ്പന ചെയ്യുന്നതിനും പരിശോധിക്കുന്നതിനുമായി ആരംഭിക്കുന്ന ഗവേഷണ കേന്ദ്രത്തിന്റെ ആദ്യഘട്ടത്തിനായി 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

60. 2203-00-800-91—കേരള സംസ്ഥാന നൂതന അച്ചടി പരിശീലന കേന്ദ്രം - ധനസഹായം

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം: 70.7 ലക്ഷം രൂപ

സ്ഥാപനത്തിൽ നിന്നും പിരിച്ചുവിട്ട ജീവനക്കാരുടെ ശമ്പള കുടിശ്ശിക അടിയന്തരമായി നൽകുന്നതിനായി 1 കോടി രൂപ അധികമായി അനുവദിയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

61. 2204-00-102-90—സംസ്ഥാനതല നാഷണൽ സർവീസ് സ്കീം സെൽ (100% C.S.S.)

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 63 ലക്ഷം രൂപ

പദ്ധതിയേതരം : ഇല്ല

സ്റ്റേറ്റ് എൻ. എസ്. എസ്. സെല്ലിന്റെ ആഭിമുഖ്യത്തിൽ 7 ദിവസത്തെ നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പ്, State level workshop on leadership and personality development programme, എൻ.എസ്.എസ് സ്റ്റേറ്റ് അവാർഡ് എന്നിവയ്ക്കായി 10.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

62. 2204-00-102-88—കണ്ണൂർ യൂണിവേഴ്സിറ്റി നാഷണൽ സർവ്വീസ് സ്കീം സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 31.72 ലക്ഷം രൂപ

കഴിഞ്ഞ സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങളുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കണക്ക് തീർപ്പാക്കുന്നതിനായി 24 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

63. 2205-00-105-99-36—കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ - സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 92 ലക്ഷം രൂപ

പദ്ധതിയേതരം : 1953.44 ലക്ഷം രൂപ

ലൈബ്രറിയുടെ കമ്പ്യൂട്ടർവത്കരണത്തിന് തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 108 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ആസ്ഥാന മന്ദിര നിർമ്മാണം, ലൈബ്രറികൾക്കുള്ള ഗ്രാന്റ് വർദ്ധനവ്, ലൈബ്രേറിയൻ അലവൻസ് വർദ്ധനവ് എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 6624.87 ലക്ഷം രൂപ കൂടി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

64. 2205-00-105-97-02-5—കേരള സംസ്ഥാന സെൻട്രൽ ലൈബ്രറി-വേതനം - ദിവസവേതനം

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 28.77 ലക്ഷം രൂപ

സെക്യൂരിറ്റി ഗാർഡുകൾ, ലൈബ്രറി അപ്രന്റീസുകൾ, ഇലക്ട്രീഷ്യൻ, സിസ്റ്റം അഡ്മിനിസ്റ്റേറ്റർ, ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന മറ്റ് ജീവനക്കാർ എന്നിവരുടെ വേതനം നൽകുന്നതിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

65. 2205-00-105-96—ലൈബ്രറി സയൻസിൽ സർട്ടിഫിക്കറ്റ് കോഴ്സ്

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 37,000 രൂപ

ലൈബ്രറി സയൻസിൽ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തിപ്പ് തുക സർക്കാർ വർദ്ധിപ്പിച്ചതിനാൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 14,350 രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

66. 4202-01-201-99—പ്രാഥമിക വിദ്യാഭ്യാസം കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : ഇല്ല

പദ്ധതിയേതരം : ഇല്ല

ബഡ്ജറ്റിൽ യാതൊരു തുകയും വകയിരുത്തിയിട്ടില്ല. ആയതിനാൽ 280 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

67. 4202-01-202-99—സെക്കന്ററി സ്കൂൾ കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : ഇല്ല

പദ്ധതിയേതരം : ഇല്ല

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 3072.50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

68. 4202-01-202-90—അടിസ്ഥാന സൗകര്യം - ഹയർ സെക്കന്ററി വിദ്യാഭ്യാസം (ആർ.ഐ.ഡി.എഫ്.)

ബഡ്ജറ്റ് വിഹിതം - ഇല്ല

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 1,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

69. 4202-01-203-99—ലോ കോളേജുകൾ ഉൾപ്പെടെ കോളേജുകളുടെയും ഹോസ്റ്റലുകളുടെയും കെട്ടിട നിർമ്മാണം

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 200 ലക്ഷം രൂപ

വിവിധ സർക്കാർ ലോ കോളേജുകൾ ഉൾപ്പെടെ വിവിധ കോളേജുകളുടെ ഹോസ്റ്റൽ നിർമ്മാണം പുരോഗമിക്കുന്നതിനാൽ 942.82 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കോഴിക്കോട് ലോ കോളേജിൽ

സുവർണ്ണ ജൂബിലി സ്മാരക മൂട്ട്കോർട്ട് ഹാൾ നിർമ്മിക്കുവാൻ 5 കോടിയും, കളിസ്ഥലം, ഗാലറി, പവലിയൻ, മറ്റനുബന്ധ സൗകര്യങ്ങൾ എന്നിവയ്ക്കായി 3 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

70. 4202-01-203-96—കോളേജുകളുടെയും ഹോസ്റ്റലുകളുടെയും കെട്ടിട നിർമ്മാണം (ആർ.ഐ.ഡി.എഫ്.)

ബഡ്ജറ്റ് വിഹിതം - ഇല്ല

പല സർക്കാർ കോളേജുകളിലെയും ഭൗതിക സൗകര്യ വികസനത്തിനായി 3456.40 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

71. 4202-01-203-88—കോളേജുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ കോളേജുകൾക്കും ഹോസ്റ്റലുകൾക്കും കെട്ടിട നിർമ്മാണം (ഒറ്റത്തവണ കേന്ദ്ര സഹായം)

ബഡ്ജറ്റ് വിഹിതം - ഇല്ല

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

72. 4202-01-203-87—സർക്കാർ കോളേജുകളിൽ ലാബുകളുടെയും ലൈബ്രറികളുടെയും വികസനം (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)

ബഡ്ജറ്റ് വിഹിതം - ഇല്ല

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 1.21 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

73. 4202-02-103-99—ടെക്നിക്കൽ ഹൈസ്കൂളുകൾ കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 450 ലക്ഷം രൂപ

വിവിധ കെട്ടിടങ്ങളുടെ പണികൾ ഏറ്റെടുത്തു പൂർത്തിയാക്കാനുള്ളതിനാൽ 443 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

74. 4202-02-104-99—പോളിടെക്നിക്കുകൾ കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 1400 ലക്ഷം രൂപ

ഒട്ടേറെ പണികൾക്ക് ഭരണാനുമതി ലഭിക്കുകയും അവ തുടർന്നുവരുകയും ചെയ്യുന്നതിനാൽ 1924.60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

75. 4202-02-104-96—സർക്കാർ പോളിടെക്നിക്കുകളുടെ വികസനം (ആർ.ഐ.ഡി.എഫ്.)

ബഡ്ജറ്റ് വിഹിതം - ഇല്ല

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 563 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

76. 4202-02-104-94—പോളിടെക്നിക്ക് കെട്ടിടങ്ങൾ

(ഒറ്റത്തവണ കേന്ദ്ര സഹായം)

ബഡ്ജറ്റ് വിഹിതം - ഇല്ല

ബഡ്ജറ്റിൽ യാതൊരു തുകയും അനുവദിക്കാത്തതിനാൽ 11 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

77. 4202-02-105-99—കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 200 ലക്ഷം രൂപ

ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 882 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

78. 4202-02-105-96—മുൻ പദ്ധതി കാലയളവിൽ ആരംഭിച്ച പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ (ആർ.ഐ.ഡി.എഫ്.)

ബഡ്ജറ്റ് വിഹിതം- ഇല്ല

അക്രഡിറ്റേഷൻ ലഭിക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനത്തിന് തുക ആവശ്യമായതിനാൽ തൃശ്ശൂർ, കണ്ണൂർ എഞ്ചിനീയറിംഗ് കോളേജുകൾക്ക് യഥാക്രമം 200 ലക്ഷം രൂപയും 250 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ മുൻ പദ്ധതി കാലയളവിൽ ആരംഭിച്ച പുതിയ എഞ്ചിനീയറിംഗ് കോളേജുകൾക്കായി ബഡ്ജറ്റിൽ തുകയൊന്നും അനുവദിക്കാത്തതിനാൽ ഇതിനായി 71 ലക്ഷം രൂപ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

79. 4202-02-800-93—സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് കെട്ടിടങ്ങൾ - മരാമത്ത് പണികൾ

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 60 ലക്ഷം രൂപ

ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 19.44 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

80. 4202-03-800-91—എൻ.സി.സി. കെട്ടിട നിർമ്മാണം

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 400 ലക്ഷം രൂപ

ഇടുക്കി ജില്ലയിൽ എയർക്രാഫ്റ്റ് ഹാംഗർ, റൺവേ എന്നിവയും പാലക്കാട്, എറണാകുളം ജില്ലകളിൽ എൻ.സി.സി.ക്ക് ഓഫീസ് കെട്ടിടങ്ങൾ, തിരുവനന്തപുരത്ത് എൻ. സി. സി കേഡറ്റുകൾക്ക് സ്ഥിരമായി പരിശീലന കേന്ദ്രം എന്നീ നിർമ്മാണ പ്രവൃത്തികൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 13 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

81. 4202-04-101-99—ലളിതകലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 200 ലക്ഷം രൂപ

ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.72 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സാംസ്കാരികകാര്യ വകുപ്പ്

82. 2202-05-102-98—സംസ്ഥാനസർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ കേന്ദ്രം

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 170 ലക്ഷം രൂപ

പദ്ധതിയേതരം : 259.86 ലക്ഷം രൂപ

2017-18 സാമ്പത്തികവർഷത്തിൽ പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും ജീവനക്കാർക്ക് ശമ്പള പരിഷ്കരണ ആനുകൂല്യം, ഡി.എ. കുടിശ്ശിക എന്നിവ നൽകുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും പദ്ധതിയേതരയിനത്തിൽ 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

83. 2202-05-102-97—സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 155 ലക്ഷം രൂപ

പദ്ധതിയേതരം : 129.10 ലക്ഷം രൂപ

ജീവനക്കാരുടെ ശമ്പളവും മറ്റും നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 183.85 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

84. 2202-05-102-96—കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 200 ലക്ഷം രൂപ

പദ്ധതിയേതരം : 331.17 ലക്ഷം രൂപ

പുതിയ കെട്ടിട നിർമ്മാണപ്രവൃത്തി തുടരുന്നതിനും ദിവസ-കരാർ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ ശമ്പളം നൽകുന്നതിനും ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനുമായി പദ്ധതി ഇനത്തിൽ 338 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 200 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

85. 2202-05-102-92—കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി-ധനസഹായം

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 55 ലക്ഷം രൂപ

(36) - സഹായധനം - ശമ്പളേതരം

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും പുസ്തക വില്പന പരമാവധി വർദ്ധിപ്പിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 45 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 98 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

86. 2202-05-102-86—മലയാളം മിഷൻ

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 110 ലക്ഷം രൂപ

പദ്ധതിയേതരം : 27.50 ലക്ഷം രൂപ

മധ്യപൂർവ്വേഷ്യൻ രാജ്യങ്ങളിലെ പ്രവർത്തന വിപുലീകരണം, വാർഷിക പരീക്ഷ, ഓൺലൈൻ രജിസ്ട്രേഷൻ, ജീവനക്കാരുടെ ശമ്പളം / വേതനം, ഓഫീസ് വാടക, യാത്രാ ചെലവ്, മറ്റ് ഓഫീസ് ചെലവുകൾ തുടങ്ങിയ ആവശ്യങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 75 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

87. 2205-00-101-97-(36)—കേരള കലാമണ്ഡലം - സഹായധനം

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 1,100 ലക്ഷം രൂപ

പദ്ധതിയേതരം : 671 ലക്ഷം രൂപ

പദ്ധതിയിന ചെലവുകളിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാൽ നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് 2345 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പദ്ധതിയിതര ചെലവുകളിൽ കാര്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാലും 10-ാം ശമ്പളപരിഷ്കരണ കുടിശ്ശികയും 6-ാം യു. ജി. സി. ശമ്പളപരിഷ്കരണവും നൽകേണ്ടതിനാലും പദ്ധതിയേതര ഇനത്തിൽ 891.09 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

88. 2205-00-101-96—ജവഹർ ബാലഭവൻ

31 - സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം- പദ്ധതിയേതരം - 46 ലക്ഷം രൂപ

36 - സഹായധനം - ശമ്പളേതരം -

പദ്ധതിയിനം : 125 ലക്ഷം രൂപ

പദ്ധതിയേതരം : 118.2 ലക്ഷം രൂപ

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 5 ബാലഭവനുകളുടെ വിവിധ പദ്ധതി വികസന പ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിൽ 52.75 ലക്ഷം രൂപയും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനും പുതിയ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനുമായി പദ്ധതിയേതരയിനത്തിൽ 200 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

89. 2205-00-102-98-36—പ്രമുഖരായ കലാകാരൻമാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കായുള്ള സഹായം

ബഡ്ജറ്റ് വിഹിതം- പദ്ധതിയേതരം : 42.83 ലക്ഷം രൂപ

വക്കം മൗലവി ഫൗണ്ടേഷൻ, മഹാകവി ഉള്ളൂർ സ്മാരകം എന്നിവയുടെ വാർഷിക ഗ്രാന്റിൽ വർദ്ധനവ് ഉണ്ടായതിനാൽ ടി ശീർഷകത്തിൽ 14.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

90. 2205-00-102-97-36—കേരള സാഹിത്യ അക്കാഡമി ധനസഹായം - സഹായധനം

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 285 ലക്ഷം രൂപ

പദ്ധതിയേതരം : 128.59 ലക്ഷം രൂപ

കേരള സാഹിത്യ അക്കാഡമി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനും അക്കാഡമി കെട്ടിടം മോടിപിടിപ്പിക്കുന്നതിനും പ്രാചീന ഗ്രന്ഥങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 115 ലക്ഷം രൂപ പദ്ധതിയിനത്തിലും പത്താം ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനും ജീവനക്കാരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 106.41 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

91. 2205-00-102-91-36—കേരള ലളിതകലാ അക്കാഡമി - സഹായധനം

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 475 ലക്ഷം രൂപ

പദ്ധതിയേതരം : 180.02 ലക്ഷം രൂപ

കാക്കണ്ണൻപാറ കലാഗ്രാമ വികസനത്തിന്റെ രണ്ടാം ഘട്ടം പൂർത്തിയാക്കുന്നതിനായി പദ്ധതിയിനത്തിൽ 200 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുമായി പദ്ധതിയേതരയിനത്തിൽ 30 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

92. 2205-00-102-90—കേരള സംഗീത നാടക അക്കാഡമി

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 490 ലക്ഷം രൂപ

പദ്ധതിയേതരം : 115.72 ലക്ഷം രൂപ

അന്തർദേശീയ നാടകോത്സവം പ്രത്യേക ഇനമായി ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനും പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുമായി പദ്ധതിയിനത്തിൽ 400 ലക്ഷം രൂപയും ശമ്പളം, മറ്റ് പദ്ധതിയേതര ആവശ്യങ്ങൾ, 10-ാം ശമ്പള പരിഷ്കരണം നടപ്പാക്കൽ എന്നീ ഇനങ്ങൾക്കായി പദ്ധതിയേതര ഇനത്തിൽ 157.75 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

93. 2205-00-102-89-36—നൃത്തനാടക സംഗീത സംഘടനകൾക്കും മറ്റു കലാസാംസ്കാരിക സംഘടനകൾക്കും ധനസഹായം- സഹായധനം

ബഡ്ജറ്റ് വിഹിതം- പദ്ധതിയേതരം : 5.50 ലക്ഷം രൂപ

നിലവിൽ ടി ശീർഷകത്തിൽ നിന്ന് 14 സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനും തിരുവനന്തപുരം ചിൽഡ്രൻസ് തീയേറ്ററിന് വർദ്ധിപ്പിച്ച ഗ്രാന്റ് തുക നല്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 8.30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

94. 2205-00-102-87-36—നിർദ്ധനരായ കലാകാരന്മാർ/സാഹിത്യകാരന്മാർ എന്നിവർക്കുള്ള സഹായം - സഹായധനം.

ബഡ്ജറ്റ് വിഹിതം- പദ്ധതിയേതരം : 420 ലക്ഷം രൂപ

പ്രസ്തുത പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ നൽകുന്നതിനായി ടി ശീർഷകത്തിൽ 138 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

95. 2205-00-102-86-36—മാർഗി-സഹായധനം

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 56 ലക്ഷം രൂപ

കലാകാരന്മാർക്ക് വിദഗ്ധ പരിശീലനം നൽകുന്നതിനും കോപ്പുകളും അനുബന്ധ സാധനങ്ങളും നിർമ്മിക്കുവാനും നന്നാക്കുവാനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

96. 2205-00-102-82-36—തിരുവനന്തപുരം ഭാരത് ഭവൻ - സഹായധനം

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 75 ലക്ഷം രൂപ

പദ്ധതിയേതരം : 11.66 ലക്ഷം രൂപ

പദ്ധതി, പദ്ധതിയേതര നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ടി ശീർഷകത്തിൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ യഥാക്രമം 30 ലക്ഷം രൂപയും 27.65 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

97. 2205-00-102-76-36—ഗുരു ഗോപിനാഥ് നടനഗ്രാമം - സഹായധനം

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 46 ലക്ഷം രൂപ

പദ്ധതിയേതരം : 46.64 ലക്ഷം രൂപ

ഇന്ത്യയിലെ തന്നെ ആദ്യത്തെ ഈ നൃത്തമ്യൂസിയത്തെ അന്തർദേശീയ തലത്തിലേക്ക് ഉയർത്തുന്നതിനും ഏഴു ദിവസം നീണ്ടു നിൽക്കുന്ന അന്തർദേശീയ നൃത്തോത്സവം സംഘടിപ്പിക്കുന്നതിനും നടനഗ്രാമത്തിൽ സ്കൂൾ മന്ദിരം നിർമ്മിക്കുന്നതിനുമായി പദ്ധതിയിനത്തിൽ 151 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ സ്ഥാപനത്തിലെ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും ഓഫീസ് ചെലവുകൾക്കുമായി പദ്ധതിയേതരയിനത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

98. 2205-00-102-75—കേരളത്തിൽ നടത്തുന്ന അന്തർദേശീയ ഫിലിം മേള

ബഡ്ജറ്റ് വിഹിതം- പദ്ധതിയേതരം : 60 ലക്ഷം രൂപ

&

2205-00-102-66—കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 565 ലക്ഷം രൂപ

പദ്ധതിയേതരം : 305.06 ലക്ഷം രൂപ

അന്തർദേശീയ ചലച്ചിത്രോത്സവം, ദേശീയ ചലച്ചിത്രമേള, മലയാള സിനിമയുടെ പ്രോത്സാഹന പരിപാടി എന്നിവയ്ക്കും മറ്റുമായുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ കേരളത്തിൽ നടത്തുന്ന അന്തർദേശീയ ഫിലിം മേള എന്ന ശീർഷകത്തിൽ 40 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു കൂടാതെ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്ക് പദ്ധതിയിനത്തിൽ 325 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 199.94 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

99. 2205-00-102-74-36—കേരള നാടൻകല അക്കാഡമി - സഹായധനം

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 220 ലക്ഷം രൂപ

പദ്ധതിയേതരം : 261.1 ലക്ഷം രൂപ

പി. കെ. കാളൻ സ്മാരക മ്യൂസിയത്തിന്റെ പുതിയ നിലകളുടെ നിർമ്മാണം, കണ്ണപുരം കലാഗ്രാമത്തിൽ മ്യൂസിയം, ലൈബ്രറി എന്നിവയുടെ നിർമ്മാണം, വിദ്യാർത്ഥികളിൽ നാടൻകലാവബോധം വളർത്തൽ, കണ്ണപ്പെരുവണ്ണാൻ സ്മാരക തെയ്യം കലാകേന്ദ്രത്തിന് കെട്ടിട നിർമ്മാണം, കലാഭവൻ മണി സ്മാരക ചാലക്കുടി സെന്ററിന്റെ പ്രവർത്തനം തുടങ്ങിയവയ്ക്കും മറ്റുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 1345 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ജീവനക്കാരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 65 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

100. 2205-00-102-68-36—വാസ്തു വിദ്യാ ഗുരുകുലം - സഹായധനം

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 65 ലക്ഷം രൂപ

ശമ്പളം നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 45 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

101. 2205-00-102-65-(33)—മലയാള ചിത്രങ്ങൾക്കുള്ള സബ്സിഡി

ബഡ്ജറ്റ് വിഹിതം- പദ്ധതിയേതരം : 141.15 ലക്ഷം രൂപ

ചിത്രാഞ്ജലി സ്റ്റുഡിയോയുടെ സാങ്കേതിക സഹായത്തോടെ നിർമ്മിച്ച ചലച്ചിത്രങ്ങൾ, ഹ്രസ്വചിത്രങ്ങൾ, ഡോക്യുമെന്ററികൾ എന്നിവയ്ക്ക് സബ്സിഡി ഇനത്തിൽ നൽകേണ്ട കുടിശ്ശിക, ഈ സാമ്പത്തികവർഷം സബ്സിഡിയ്ക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള ചിത്രങ്ങൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ 599.85 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

102. 2205-00-102-63-36—മൊയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമി-സഹായധനം

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 5 ലക്ഷം രൂപ

മൊയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയിലെ വികസന പ്രവർത്തനങ്ങൾക്കും മാപ്പിള കലാസാഹിത്യ പ്രവർത്തനങ്ങൾക്കുമായി ഈ സാമ്പത്തികവർഷം പദ്ധതിയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 245 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

103. 2205-00-102-55-36—കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം തോന്നയ്ക്കൽ-സഹായധനം

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 55 ലക്ഷം രൂപ

കേന്ദ്രത്തിലെ വിവിധ പദ്ധതികൾക്കായും സുവർണ്ണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് നടത്തുന്ന സാംസ്കാരിക പരിപാടികളുടെ നടത്തിപ്പിനും കേന്ദ്രത്തിനായി സ്ഥലമേറ്റെടുത്തതിന് കോടതി വിധിയേത്തുടർന്ന് അഡീഷണൽ കോമ്പൻസേഷൻ നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 239 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

104. 2205-00-102-40-36—വൈലോപ്പിള്ളി സംസ്കൃതി ഭവൻ-(വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം) -സഹായധനം

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 75 ലക്ഷം രൂപ

പദ്ധതിയേതരം : 85 ലക്ഷം രൂപ

സ്ഥാപനത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനും വിവിധോദ്ദേശ്യ സാംസ്കാരിക ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായി പദ്ധതിയിനത്തിൽ 130 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 25 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

105. 2205-00-102-25—സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള പെൻഷൻ

ബഡ്ജറ്റ് വിഹിതം- പദ്ധതിയേതരം : 605 ലക്ഷം രൂപ

വിരമിച്ച ജീവനക്കാർക്ക് പെൻഷൻ പരിഷ്കരണം നടപ്പിലാക്കുന്നതിനും നടപ്പ് സാമ്പത്തികവർഷം സർവ്വീസിൽ നിന്നും വിരമിക്കുന്നവരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുമായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സാംസ്കാരിക (മ്യൂസിയം - മൃഗശാല) വകുപ്പ്

106. 2205-00-107-99—ആർട്ട്മ്യൂസിയം ഉൾപ്പെടെയുള്ള മ്യൂസിയം -

02(5)-വേതനം - ദിവസ വേതനം

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 180.33 ലക്ഷം രൂപ

ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ചതിന്റെ ഭാഗമായി ദിവസവേതനക്കാരുടെ വേതനത്തിൽ വർദ്ധനവ് ഉണ്ടായതിനാലും, ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതുവരെ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ദിവസക്കൂലിക്കാരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതായി വരുന്നതിനാലും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

107. 05-(1) ഓഫീസ് ചെലവുകൾ—വെള്ളക്കരം

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 41 ലക്ഷം രൂപ

വാട്ടർ ചാർജ്ജിനത്തിൽ വന്ന കുടിശ്ശിക തീർക്കണമെന്നുള്ള വാട്ടർ അതോറിറ്റിയുടെ നിർദ്ദേശം നടപ്പിൽ വരുത്തുന്നതിന് അധിക ഫണ്ട് ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

108. 4202-04-190-99—കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം- പദ്ധതിയിനം : 400 ലക്ഷം രൂപ

ചിറ്റൂരിലെ ചിത്രാഞ്ജലി തിയേറ്റർ നവീകരിച്ച് ഇരട്ട തീയേറ്ററുകളാക്കി മാറ്റുന്നതിനും കോഴിക്കോട് ആധുനിക സജ്ജീകരണങ്ങളോടു കൂടി സ്റ്റുഡിയോയും ഒരു പുതിയ തിയേറ്റർ സമുച്ചയം സ്ഥാപിക്കുന്നതിനുമായി 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സാംസ്കാരികകാര്യ (പുരാവസ്തു) വകുപ്പ്

109. 2205-00-103-99—പുരാവസ്തു ഗവേഷണ വകുപ്പ്

02-വേതനം

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 221.37 ലക്ഷം രൂപ

വിവിധ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി മ്യൂസിയങ്ങളുടെ പ്രവർത്തനത്തിന് നിയമിക്കേണ്ടിവരുന്ന ജീവനക്കാർക്ക് വേതനം നൽകേണ്ടതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

110. 04-1—യാത്രാചെലവുകൾ - യാത്രാബത്ത

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 3.84 ലക്ഷം രൂപ

സംരക്ഷിത സ്മാരകങ്ങളുടെ എണ്ണം 179 ആയി വർദ്ധിച്ച സാഹചര്യത്തിൽ സ്മാരകങ്ങളുടെ സംരക്ഷണത്തിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സന്ദർശനങ്ങൾ നടത്തേണ്ടതായി വരുന്നതിനാൽ യാത്രാബത്ത ഇനത്തിൽ 4 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

111. 05-1—ഓഫീസ് ചെലവുകൾ - വെള്ളക്കരം

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 66,000 രൂപ

ഓഫീസുകളുടെ എണ്ണം വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ വെള്ളക്കരത്തിന് അധിക തുക ആവശ്യമായതിനാൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

112. 05-2—ഓഫീസ് ചെലവുകൾ - വൈദ്യുത ചെലവ്

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 28 ലക്ഷം രൂപ

ഓഫീസുകളുടെ എണ്ണം വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ വൈദ്യുതചെലവിന് 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

113. 05-4—ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 7.31 ലക്ഷം രൂപ

സ്റ്റേഷനറി സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായ സാഹചര്യത്തിൽ 6.20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

114. 2205-00-103-85—പൈതൃക പഠന കേന്ദ്രം

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 105 ലക്ഷം രൂപ

പദ്ധതിയേതരം : ഇല്ല

പദ്ധതിയേതരയിനത്തിൽ 1,69,82,700 രൂപയോളം ചെലവ് വരുന്നതിനാൽ സെന്ററിന്റെ വരുമാനമായ ഏകദേശം 80 ലക്ഷം രൂപ ടി ആവശ്യത്തിന് തികയുകയില്ല. ആയതിനാൽ പദ്ധതിയേതരയിനത്തിൽ 80.32 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കായിക യുവജനകാര്യ വകപ്പ്

115. 2204-00-001-99—കായികയുവജനകാര്യ ഡയറക്ടറേറ്റ്

01 -ശമ്പളം

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 206.98 ലക്ഷം രൂപ

കായിക യുവജന കാര്യാലയത്തിലേയും കായിക യുവജന കാര്യാലയത്തിന കീഴിൽ പുതുതായി രൂപീകരിച്ച എഞ്ചിനീയറിംഗ് വിംഗിലേയും ജീവനക്കാരുടെ ശമ്പളത്തിനായി 78.70 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

116. 04 -(1)—യാത്രാ ചെലവുകൾ-യാത്രാ ബത്ത

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 2.40 ലക്ഷം രൂപ

കായിക യുവജന കാര്യാലയത്തിന് കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ പരിശോധനയ്ക്ക് വേണ്ടി വരുന്ന ചെലവ് അനുവദിക്കുന്നതിനായി 55000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

117. 05 -(1)—ഓഫീസ് ചെലവുകൾ-വെള്ളക്കരം

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 20,000 രൂപ

കായിക യുവജന കാര്യാലയത്തിന് കീഴിലുള്ള സ്വിമ്മിംഗ് പൂളിന്റെ വെള്ളക്കരം അടയ്ക്കുന്നതിന വേണ്ടി 1.55 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

118. 05 - (2)—ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം : 7 ലക്ഷം രൂപ

കായിക യുവജന കാര്യാലയത്തിന് കീഴിൽ പുതുതായി രൂപീകരിച്ച എഞ്ചിനീയറിംഗ് വിംഗിന് വേണ്ടിയും ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിന്റെയും വെള്ളയമ്പലം നീന്തൽക്കുളത്തിന്റേയും വൈദ്യുതി ചെലവുകൾക്കുമായി 28.40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

119. 05-(3)—ഓഫീസ് ചെലവുകൾ- ടെലഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം: 1.10 ലക്ഷം രൂപ

കായിക യുവജനകാര്യാലയത്തിലെയും പുതുതായി രൂപീകരിച്ച കായിക യുവജനകാര്യ എഞ്ചിനീയറിംഗ് വിംഗിലെയും ടെലഫോൺ ചാർജ്ജ് അടയ്ക്കുന്നതിനുവേണ്ടി 90,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

120. 05-(4)—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം: 1.21 ലക്ഷം രൂപ

കായിക യുവജനകാര്യാലയത്തിലെയും പുതുതായി രൂപീകരിച്ച കായിക യുവജനകാര്യ എഞ്ചിനീയറിംഗ് വിംഗിലെയും ആഫീസ് സ്റ്റേഷനറി ചെലവുകൾക്കായി 4.35 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

121. 21-(2)—മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപണികളും

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം: 39,000 രൂപ

കായിക യുവജനകാര്യാലയത്തിലെയും പുതുതായി രൂപീകരിച്ച കായിക യുവജനകാര്യ എഞ്ചിനീയറിംഗ് വിംഗിലെയും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 92,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

122. 34-(3)—മറ്റു ചെലവുകൾ -മറ്റിനം

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം: 1.25 ലക്ഷം രൂപ

കായിക യുവജനകാര്യാലയത്തിന് കീഴിൽ പുതുതായി രൂപീകരിച്ച എഞ്ചിനീയറിംഗ് വിംഗിന് വേണ്ടി 7203.20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

123. 45—പി.ഓ.എൽ

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം: 97,000 രൂപ

കായിക യുവജനകാര്യാലയത്തിലെയും പുതുതായി രൂപീകരിച്ച കായിക യുവജനകാര്യ എഞ്ചിനീയറിംഗ് വിംഗിലെയും വാഹനങ്ങൾക്ക് ഇന്ധനം നിറയ്ക്കുന്നതിന് 5.48 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

124. 2204-00-103-98—യൂത്ത് വെൽഫയർ ബോർഡ്

36- സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം: 2100 ലക്ഷം രൂപ

കേരളോത്സവ മത്സരാർത്ഥികൾക്കുള്ള യാത്രാബത്ത, സമ്മാനത്തുക എന്നിവ വർദ്ധിപ്പിക്കുന്നതിന് 240 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

125. 31—സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം: 34.36 ലക്ഷം രൂപ

ജീവനക്കാരുടെ ശമ്പളം, റ്റി.എ, ഓഫീസ് ചെലവുകൾ, പി.ഒ.എൽ. എന്നിവക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

126. 2204-00-103-84—കായികയുവജനകാര്യവകുപ്പ്- പ്രചാരണം

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 100 ലക്ഷം രൂപ

കായിക താരങ്ങൾക്ക് ട്രെയിനിംഗ് നൽകുന്നതിനും പരിശീലകർക്ക് കൂടുതൽ നിലവാരമുള്ള ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനും കായികസ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിനും കായിക പ്രോത്സാഹനത്തിനായി പരസ്യ പ്രചാരണം നൽകുന്നതിനും ബുക്കുകൾ പ്രസിദ്ധീകരിക്കുന്നതിനുമായി 150 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

127. 2204-00-103-68—കേരള സംസ്ഥാന യൂത്ത് കമ്മീഷൻ

36-സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 110 ലക്ഷം രൂപ

കമ്മീഷന്റെ പ്രവർത്തനത്തിൽ പുതുതായി 3 പദ്ധതികൾ കൂടി ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ 73 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

128. 31—സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം: 74.54 ലക്ഷം രൂപ

ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള ശമ്പളവും അംഗങ്ങൾക്ക് പെൻഷനും നൽകേണ്ടതിനാൽ 43 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

129. 2204-00-104-97—കേരള സ്പോർട്സ് കൗൺസിൽ

36- സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം: 3200 ലക്ഷം രൂപ

സ്പോർട്സ് ഹോസ്റ്റൽ അന്തേവാസികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്, വർദ്ധിച്ച നിരക്കിലുള്ള ബോർഡിംഗ്/ലോഡ്ജിംഗ് തുക, കോച്ചിംഗ് ക്യാമ്പിനുള്ള ഡി.എ. തുടങ്ങിയവ കണക്കിലെടുത്ത് 1216.45 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

130. 2204-00-104-96—വിവിധോദ്ദേശ്യ കായിക / കളിയിടങ്ങളുടെ വികസനം

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 315 ലക്ഷം രൂപ

വിവിധോദ്ദേശ്യ കളിസ്ഥല നിർമ്മാണത്തിനായി 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

131. 2204-00-104-90—സർക്കസ് പ്രോൽസാഹിപ്പിക്കുന്നതിന്

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം: 96.80 ലക്ഷം രൂപ

സർക്കസ്സ് കലാകാരന്മാർക്ക് കുടിശ്ശികയുൾപ്പെടെ പെൻഷൻ നൽകുന്നതിനായി 203.20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

132. 2204-00-104-89—സിവിൽ സർവ്വീസ് ടൂർണമെന്റിന്റെ നടത്തിപ്പിനുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം: 11 ലക്ഷം രൂപ

സിവിൽ സർവ്വീസ് ടൂർണമെന്റ് നടത്തിപ്പിനായി 4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

133. 2204-00-104-77-34—കായിക വിനോദ വൈദ്യസഹായ കേന്ദ്രം-മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം :40 ലക്ഷം രൂപ

രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്റർ നവീകരണം, ആവശ്യമായ മരുന്നുകൾ, സർജിക്കൽ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും മറ്റ് ആവശ്യങ്ങൾക്കും, ആന്റി ഡോപ്പിംഗ്, സ്പോർട്സ് ന്യൂട്രീഷ്യൻ സംബന്ധിച്ച വർക്ക് ഷോപ്പുകൾ, സെമിനാറുകൾ എന്നിവ നടത്തുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

134. 4202-03-800-89—സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം (കായിക ഭവൻ)

ബഡ്ജറ്റ് വിഹിതം - പദ്ധതിയിനം : 500 ലക്ഷം രൂപ

കായിക യുവജനകാര്യാലയം, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, കേരള ഒളിമ്പിക്സ് അസോസിയേഷൻ, സ്പോർട്സുമായി ബന്ധപ്പെട്ട വിവിധ സംഘടനകൾ എന്നിവ ഉൾപ്പെടുത്തി പുതിയ കായികഭവൻ നിർമ്മിക്കുന്നതിന് 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2017 ഏപ്രിൽ 19.

പ്രൊഫ. സി. രവീന്ദ്രനാഥ്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.